"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- ബഹു. കേരള ഹൈക്കോടതി മുമ്പാകെ ശ്രീമതി. ഏയ്ഞ്ചൽ പി യും കൂട്ടരും ഫയൽ ചെയ്ത WP(C)No. 17787/2023-ന്മേലുള്ള 04/08/2023ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.136/2024/WCDD തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 31/2009/സാക്ഷേവ, തീയതി. 07/08/2009
2. സ.ഉ(എം. എസ്) നം. 33/2012/സാക്ഷേവ, തീയതി. 31/05/2012
3. സ.ഉ(എം. എസ്) നം. 4/2015/സാനീവ, തീയതി. 17/01/2015
4. ശ്രീമതി. ഏയ്ഞ്ചൽ പിയുടെയും മറ്റ് 25 പേരുടെയും 25/05/2023ലെ സംയുക്ത ഹർജി
5. WP(C)No. 17787/2023-ന്മേൽ ബഹു. കേരള ഹൈക്കോടതി 04/08/2023ൽ പുറപ്പെടുവിച്ച വിധിന്യായം
6. കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30/10/2023, 03/11/2023 തീയതികളിലെ AWWF-D2-1234/2022 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ചിറ്റുമല ഐ സി ഡി എസ് പ്രൊജക്ടിലുൾപ്പെട്ട പേരയം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി പ്രവർത്തകയായ ശ്രീമതി. ഏയ്ഞ്ചൽ പിയും മറ്റ് 25 പേരും ചേർന്ന് സർക്കാർ മുമ്പാകെ പരാമർശം (4) പ്രകാരം സംയുക്ത ഹർജി സമർപ്പിക്കുകയുണ്ടായി. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഗ്രാറ്റുവിറ്റി അനുവദിക്കുക, പെൻഷനും വിരമിക്കൽ ആനുകൂല്യങ്ങളും കൂടാതെ സർക്കാർ ഉചിതമെന്നു കരുതുന്ന മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുക എന്നിവയായിരുന്നു ഹർജിക്കാരുടെ ആവശ്യങ്ങൾ. ഹർജിക്കാർ ജോലിയിൽ നിന്നും വിരമിക്കുന്ന വേളയിൽ ഗ്രാറ്റുവിറ്റിയ്ക്ക് അർഹരാണെന്നും Civil Appeal No. 3153/22, SLP (Civil) No. 30193/17, മറ്റ് ബന്ധപ്പെട്ട കേസുകൾ എന്നിവയിന്മേൽ ബഹു. സുപ്രീം കോടതി, 25/04/2022ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ വെളിച്ചത്തിൽ ഹർജിക്കാർക്ക് പെൻഷനറി ആനുകൂല്യങ്ങൾ നൽകുവാൻ എതിർകക്ഷികൾ ബാധ്യസ്ഥരാണെന്നും വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഗ്രാറ്റുവിറ്റി അനുവദിക്കണമെന്ന് എതിർകക്ഷികൾക്ക് നിർദേശം

നൽകണമെന്നും മറ്റുമുള്ള ആവശ്യങ്ങളുമായി പിന്നീട് ശ്രീമതി. ഏയ്ഞ്ചൽ പിയും കൂട്ടരും ബഹു. കേരള ഹൈക്കോടതി മുമ്പാകെ WP(C)No. 17787/2023 ഫയൽ ചെയ്യുകയുണ്ടായി. ആയത് പരിഗണിച്ച ബഹു. ഹൈക്കോടതി, Ext. P3 ആയി ഹർജിക്കാർ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള ഹർജി രണ്ടാം എതിർകക്ഷിയായ വനിതാശിശുവികസന വകുപ്പ് സെക്രട്ടറി പരിഗണിക്കുവാനും മൂന്നുമാസത്തിനകം ഹർജിക്കാരെ നേരിൽക്കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാനും അപ്രകാരം പരിഗണിക്കവേ, ഹർജിക്കാർക്ക് ഏതെങ്കിലും തരത്തിൽ നൽകുവാനുള്ള തുക തുടർന്ന് മൂന്ന് മാസത്തിനകം നൽകുവാനും പരാമർശം (5) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

2. ബഹു. കോടതിയുടെ നിർദേശപ്രകാരം വനിതാശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ഹർജിക്കാരെ നേരിൽ കേൾക്കുന്നതിനായി 02/11/2023ൽ യോഗം കൂടുകയും പ്രസ്തുത യോഗത്തിൽ ഹർജിക്കാരായ ശ്രീമതി. ഏയ്ഞ്ചൽ പി, ശ്രീമതി. രത്നമ്മ, ശ്രീമതി. ബിന്ദു ജെ എന്നിവരും അവരുടെ കൗൺസെൽ ശ്രീ. പി രവീന്ദ്രനും വനിതാശിശുവികസന ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട്, കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിലെ ജൂനിയർ സൂപ്രണ്ട് എന്നിവർ ഹാജരാവുകയും ചെയ്തു. ഹർജിയിലെ ആവശ്യങ്ങൾ തന്നെയാണ് നേരിൽ കേൾക്കുന്ന വേളയിൽ പ്രധാനമായും ഹർജിക്കാർ ഉന്നയിച്ചത്.

3. കേരളത്തിൽ സംയോജിത ശിശുവികസന സേവനപദ്ധതിയിൻ കീഴിൽ സേവനമനുഷ്ഠിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് പരാമർശം (1) പ്രകാരം പെൻഷൻ പദ്ധതി ആവിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വിരമിക്കൽ പ്രായം 62 വയസ്സായി നിജപ്പെടുത്തിയിട്ടുമുണ്ട്. അപ്രകാരം വിരമിക്കുന്ന ജീവനക്കാർക്ക്, അവർ ക്ഷേമനിധിയിലേക്ക് അടച്ച തുകയും ആയതിന്റെ പലിശയും സർക്കാർ വിഹിതവും ചേർന്ന ആകെ തുക ക്ഷേമനിധി ആനുകൂല്യമായും അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും പ്രതിമാസ പെൻഷനും (അങ്കണവാടി വർക്കർക്ക് 2,500/- രൂപയും ഹെൽപ്പർക്ക് 1,500/- രൂപയും എന്ന നിരക്കിൽ) നൽകി വരുന്നുവെന്നും അതുകൂടാതെ, പരാമർശം (3) പ്രകാരം അങ്കണവാടി വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകി വരുന്നുണ്ടെന്നും പരാമർശം (6) പ്രകാരം കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ്

ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. അങ്കണവാടിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക്, അവർ ക്ഷേമനിധിയിലേക്ക് അടച്ച തുകയും ആയതിന്റെ പലിശയും സർക്കാർ വിഹിതവും ചേർന്ന ആകെ തുക ക്ഷേമനിധി ആനുകൂല്യമായും അങ്കണവാടി വർക്കർ/ഹെൽപ്പർ ആയി 10 വർഷമോ അതിൽ കൂടുതലോ ജോലി ചെയ്തവരും 62 വയസ് തികയുന്ന ദിവസം സർവീസിൽ ഉള്ളവർക്കും ക്ഷേമനിധി വിഹിതം ഒടുക്കുന്നതിൽ മുടക്കം വരുത്താത്തവർക്കും പ്രതിമാസ പെൻഷനും (അങ്കണവാടി വർക്കർക്ക് 2,500/- രൂപയും ഹെൽപ്പർക്ക് 1,500/- രൂപയും എന്ന നിരക്കിൽ) നൽകി വരുന്നുണ്ട്. ഇതു കൂടാതെ അങ്കണവാടി വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും വിരമിക്കൽ ആനുകൂല്യമായും നൽകി വരുന്നുണ്ട്.

മേൽ സാഹചര്യത്തിൽ അങ്കണവാടി ജീവനക്കാർക്ക് വിരമിയ്ക്കൽ ആനുകൂല്യമായി നിലവിൽ അനുവദിയ്ക്കുന്ന തുകയ്ക്ക് പുറമേ ആനുകൂല്യങ്ങൾ അനുവദിയ്ക്കണമെന്നുള്ള ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ടും ശ്രീമതി. ഏയ്ഞ്ചൽ പിയും കൂട്ടരും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.17787/2023-ന്മേലുള്ള പരാമർശം (5) പ്രകാരമുള്ള വിധിന്യായം അപ്രകാരം പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖക്കത്ത് സഹിതം)

ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ്

വെൽഫെയർ ഫണ്ട് ബോർഡ്, തിരുവനന്തപുരം

ശ്രീമതി. ഏയ്ഞ്ചൽ പിയും മറ്റ് 25 ഹർജിക്കാരും

വെബ് & ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 05-04-2024 13:46:50